(എഫ്) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിന് ഏതെങ്കിലും ജനപ്രതിനിധി ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-12-2000 ത്തിൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 1-10-1993-ൽ 369 ലക്ഷം രൂപക്കുള്ള ഭരണാനുമതി നൽകി. പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) 31-1-2000 വരെ 420.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 3-1997-ൽ പൂർത്തിയാക്കാമെന്നാണ് ആദ്യം നിശ്ചയിച്ചിരുന്നത്.

(ഇ) ഈ പദ്ധതിയുടെയും പിറവം ശുദ്ധജലവിതരണ വിപുലികരണ പദ്ധതിയുടേയും ഉറവിടവും ശുദ്ധീകരണശാലയും ഒന്നു തന്നെയാണ്. പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതിയുടെ പണിയും, പൂർത്തികരണവും താമസിച്ചതിനാൽ മാമ്പല്ലൂർ പദ്ധതിയും താമസിക്കാൻ കാരണമായി. കൂടാതെ ജലസംഭരികളുടെ സ്ഥലങ്ങൾ അതോറിറ്റിക്ക് ലഭ്യമാക്കുന്നതിന് താമസം നേരിട്ടു. മാമ്പല്ലൂർ ശുദ്ധജല പദ്ധതിയുടെ (കാഞ്ഞിരമറ്റം) പണികൾ ഏറ്റെടുത്ത കരാറുകാരൻ യഥാസമയം പണി പൂർത്തിയാക്കാത്തതിനാൽ ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്യേണ്ടതായി വരുകയും ബാക്കി പണികൾ പുന:ക്രമീകരിക്കുന്നതിന് കാലതാമസം വരുകയും ചെയ്തു. ഈ ടാങ്കിന്റെ ബാക്കി പണികൾ രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്യേണ്ടതായി വരുകയും ചെയ്തതിനാൽ പണികൾ ഉദ്ദേശിച്ച സമയത്ത് പൂർത്തീകരിക്കുവാൻ താമസം നേരിട്ടു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴയിലെ ഭൂഗർഭജല വകുപ്പിന്റെ പ്രവർത്തനം

34(197) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ ഭൂഗർഭജല വകുപ്പിന്റെ പ്രവർത്തനം പടിപടിയായി കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇവിടെയുള്ള റിഗ്ഗുകളും ജീവനക്കാരെയും കൊല്ലം ജില്ലയിലേക്ക് മാറ്റി കൊണ്ടു പോകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ആലപ്പുഴ ജില്ലയിൽ ഇപ്പോൾ എത്ര റിഗ്ഗുകൾ ഉണ്ട്, അതിൽ പ്രവർത്തനയോഗ്യമായവ എത്ര ;

(ഡി) 1996-ൽ ജില്ലയിൽ എത്ര റിഗ്ഗുകൾ ഉണ്ടായിരുന്നു ;

(ഇ) ആലപ്പുഴ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർമ്മിച്ച കുഴൽകിണറുകളുടെ എണ്ണം മണ്ഡലാടിസ്ഥാനത്തിൽ നല്കുമോ ;

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ ജില്ലയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കുഴൽ കിണറുകളുടെ എണ്ണം മണ്ഡലാടിസ്ഥാനത്തിൽ നല്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ആലപ്പുഴ ജില്ലയിൽ ഒരു പ്രവർത്തന യോഗ്യമായ റോട്ടറി റിഗ്ഗും, ഫിൽറ്റർ പോയിന്റ് കിണർ കുഴിക്കുന്ന മൂന്ന് യൂണിറ്റും ഉണ്ട്. അതിൽ രണ്ടെണ്ണം പ്രവർത്തനയോഗ്യമാണ്.

(ഡി) 1996-ൽ രണ്ട് റോട്ടറി റിഗ്ഗും മൂന്ന് ഫിൽറ്റർ പോയിന്റ് കിണർ കുഴിക്കുന്ന യൂണിറ്റും ഉണ്ടായിരുന്നു.

(ഇ) വിശദവിവരം താഴെ ചേർക്കുന്നു.

1. മാരാരികുളം

ഫിൽറ്റർ പോയിന്റ് കിണർ - 32 എണ്ണം

2. ചേർത്തല

ഫിൽറ്റർ പോയിന്റ് കിണർ - 65 എണ്ണം

3. ഹരിപ്പാട്

ഫിൽറ്റർ പോയിന്റ് കിണർ - 25 എണ്ണം

4. ആലപ്പുഴ

ട്യൂബ് വെൽ - 3 എണ്ണം

ഫിൽറ്റർ പോയിന്റ് കിണർ - 84 എണ്ണം

5. കായംകുളം

ഫിൽറ്റർ പോയിന്റ് കിണർ - 35 എണ്ണം

6. അമ്പലപ്പുഴ

ട്യൂബ് വെൽ - 3 എണ്ണം

ഫിൽറ്റർ പോയിന്റ് കിണർ - 58 എണ്ണം

7. അരൂർ

ട്യൂബ് വെൽ - 1 എണ്ണം

(എഫ്) വിശദവിവരം താഴെ ചേർക്കുന്നു.

1 ഹരിപ്പാട് - ട്യൂബ് വെൽ - 3 എണ്ണം

2 ചേർത്തല - ഫിൽറ്റർ പോയിന്റ് കിണർ - 10 എണ്ണം

3 കായംകുളം - ഫിൽറ്റർ പോയിന്റ് കിണർ - 3 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly